PROCEEDINGS OF
THE KERALA LEGISLATIVE ASSEMBLY

First Session—1959.

(Second Meeting)

Tuesday, the 2nd June 1959.

The Assembly met in the Assembly Chamber, Trivandrum at Eight of the Clock, on Tuesday, the 2nd June 1959, with Mr. Speaker in the Chair.

CALLING ATTENTION UNDER RULE 66.

മി. സ്പീക്കർ : ആർഡർ, ആർഡർ. റൂൾ 66-ൻപ്രകാരം എനിക്കു 3 നോട്ടീസുകൾ കിട്ടിയിട്ടുണ്ട്. ഒന്നാമത്തേതു്, ശ്രീ. തോമസ് ജാണിന്റേതാണു്. ആലപ്പുഴ-ചങ്ങനാശ്ശേരി റോഡിലെ അപകടാവസ്ഥയെപ്പറ്റി ചർച്ചചെയ്യാൻ അനുവാദം ചോദിച്ചിരിക്കുകയാണു്. ഇക്കാര്യം ബഹുമാനപ്പെട്ട മന്ത്രിയുടേയും, ഡിപ്പാർട്ടുമെന്റിന്റേയും ശ്രദ്ധയിൽപ്പെടുത്തി പരിഹരിക്കാവുന്നതാണു്. മറ്റൊന്നു്, ശ്രീ. പി. ആർ. ഫ്രാൻസിസ് തന്നിട്ടുള്ള നോട്ടീസാണു്. തൃശ്ശൂരിലെ ഒരു പീടികയിൽ ഏതാനും ആളുകളെ ആക്രമിക്കുകയും മറ്റും ചെയ്തു; അതിനുവേണ്ട നടപടികളെടുക്കണം; എന്നാണു് അതിൽക്കാണിച്ചിരിക്കുന്നതു്. ഇക്കാര്യം പോലീസധികാരികളുടേയും മജിസ്ട്രേട്ടുകോടതിയുടേയും ശ്രദ്ധയിൽപ്പെടുത്തി പരിഹരിക്കാവുന്നതേയുള്ളു. ഇതൊരു ഒറ്റപ്പെട്ട സംഭവമാണെന്നും പറയേണ്ടിയിരിക്കുന്നു. അടുത്തതു്, ശ്രീ. ഗോപിനാഥപിള്ളയുടെ നോട്ടീസാണു്. എറണാകുളത്തു കല്ലുരിൽ വച്ചു ഒരു മീറ്റിംഗു് നടന്നപ്പോൾ അവിടെ പ്രസംഗിച്ചുകൊണ്ടിരുന്ന രണ്ടാളുകളെ മർദ്ദിച്ചതിനെസംബന്ധിച്ചാണു് അതു്. അതിനും അധികാരികളെ സമീപിച്ചു് പരിഹാരം നേടാവുന്നതാണു്. ഇക്കാരണങ്ങളാൽ ഈ മൂന്നു നോട്ടീസുകളേയും സംബന്ധിച്ചു ചർച്ച ചെയ്യുവാനുള്ള അനുവാദം ഞാൻ നിഷേധിക്കുന്നു.

ശ്രീ. മാലേത്തു ഗോപിനാഥപ്പിള്ള : സർ, അധികാരികളെ സമീപിച്ചിട്ടും യാതൊരു നടപടിയും എടുക്കുന്നില്ലെന്നുള്ളതാണു് എന്റെ പരാതി. അക്കാര്യം ഈ അസംബ്ലിയിൽത്തന്നെ പലതവണ പറഞ്ഞിട്ടുണ്ടു്.

Mr. Speaker : That also can be brought to the notice of the authorities.

LIBRARY ARCHIVES Kerala Legislative Assembly